പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 294** **03/02/2020 ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ**

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 1948-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിലെ സെക്ഷൻ 48 ന് വിരുദ്ധമായി സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാതെ സ്റ്റാഫ് നേഴ്സ്/ജെ.പി.എച്ച്.എൻ. എന്നിവർ മരുന്നു വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ബഹു. ഹൈക്കോടതി ഉത്തരവ് WP(C) 33715/2019 തീയതി 10/12/2019 പ്രകാരം സർക്കാർ ആശുപത്രികളിൽ അംഗീകൃത ഫാർമസിസ്റ്റുകൾ മാത്രമേ മരുന്നു വിതരണം നടത്താവൂ എന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | 1948-ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യാവുന്നതാണ്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാത്ത മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ ഉത്തരവ് പിൻവലിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികൾ, സി.എച്ച്.സി, പി.എച്ച്.സി, എഫ്എച്ച്.സി. എന്നിവിടങ്ങളിലെ ഫാർമസിസ്റ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി)യും (ഡി)യും (ഇ)യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആർദ്രം പദ്ധതി ഉൾപ്പെടെ 184 ഫാർമസിസ്റ്റ് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ് തസ്തികകളിൽ എല്ലാം ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്. ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ എൻ.എച്ച്.എം. മുഖേനയോ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നുണ്ട്. |
| (ഡി) | സർക്കാർ ആശുപത്രികൾ,സി.എച്ച്.സി, പി.എച്ച്.സി, എഫ്എച്ച്.സി. എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിന് അനുസരിച്ച് ഫാർമസിസ്റ്റ് തസ്തിക അനുവദിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | | |
| (ഇ) | നിലവിൽ ഫാർമസിസ്റ്റ് തസ്തിക കുറവുള്ള സ്ഥലങ്ങളിൽ മരുന്നു വിതരണം തടസ്സപ്പെടാതെ എൻ.എച്ച്.എം. വഴിയോ എച്ച്.എം.സി വഴിയോ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ